©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 6 / Vol. VI | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2017 മേയ് 30 / 30th May 2017 | 1192 ഇടവം 16 / 16th Idavam 1192 | 1939 ജ്യേഷ്ഠം 9 / 9th Jyaishta 1939 | നമ്പർ / No. 22

## PART III

# Dairy Development Department

**കോട്ടയം ജില്ലാ ക്ഷീര വികസന വകുപ്പ്**
**ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : റ്റി. കെ. അനികുമാരി, ഡെപ്യൂട്ടി ഡയറക്ടർ)

നമ്പർ ഡി-4409/2016. 2017 ഏപ്രിൽ 25.

വിഷയം:—ക്ഷീര വികസന വകുപ്പ്, കോട്ടയം—ഏറ്റുമാനൂർ ബ്ലോക്ക്, കന്നുകുളം ക്ഷീരോല്പാദക സഹകരണ സംഘം, ക്ലിപ്തം നമ്പർ കെ-86 (ഡി)—ആപ്കോസ്—സമാപ്തീകരിക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) സഹകരണ നിയമം വകുപ്പ് 65/66 പ്രകാരം അന്വേഷണം നടത്തുന്നതിന് 28-1-2015-ൽ ഈ ഓഫീസിൽനിന്നും പുറപ്പെടുവിച്ച നമ്പർ ഡി/1377/2015 ഉത്തരവ്.

(2) ഏറ്റുമാനൂർ ക്ഷീര വികസന ഓഫീസറുടെ 4-10-2016-ലെ നമ്പർ 34/2016, 66 അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

ഏറ്റുമാനൂർ ബ്ലോക്ക്, കന്നുകുളം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-86 (ഡി) ആപ്കോസ് ദീർഘനാളായി പ്രവർത്തനരഹിതമാണ്. സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവർത്തനങ്ങളും പരാജയപ്പെട്ട സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ക്ഷീര വികസന ഓഫീസർ ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുള്ളതുമാകുന്നു.

പരാമർശം (2) അന്വേഷണ റിപ്പോർട്ട് അനുസരിച്ച് സംഘം പുനരുജ്ജീവിപ്പിക്കുവാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ സമാപ്തീകരിക്കാവുന്നതാണെന്നു ബോദ്ധ്യമായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഏറ്റുമാനൂർ ബ്ലോക്കിലെ കന്നുകുളം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-86 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററായി ഏറ്റുമാനൂർ ബ്ലോക്ക് ക്ഷീര വികസന ഓഫീസറെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി മൂന്ന് വർഷക്കാലയളവിനുള്ളിൽ സംഘം സമാപ്തീകരിച്ച് ആയതിന്റെ റിപ്പോർട്ടും സംഘം റിക്കാർഡുകളും ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്.

ലിക്വിഡേറ്റർ ഉടൻ ചുമതലയേറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കോട്ടയം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.